## IInd Terminal Examination. 2019

Std: XII

# Malayalam

Marks: 80
Time: 3hr

## Section A

### Question - 1

താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും ഒരു വിഷയം തെരഞ്ഞെടുത്ത് ഏകദേശം 400 വാക്കുകളിൽ ഒരു ഉപന്യാസം തയ്യാറാക്കുക [20]

i) 'മാതാ പിതാ ഗുരു ദൈവം' – ഈ ചൊല്ലിന്റെ മഹത്വത്തെപ്പറ്റി വിവരിക്കുക ?

ii) മൊബൈൽഫോൺ ഉപയോഗിക്കുന്നതുകൊണ്ടുള്ള ഗുണദോഷങ്ങൾ വിവരിച്ചുകൊണ്ട് ഒരു ലേഖനം തയ്യാറാക്കുക ?

iii) 'ഫാഷൻ എന്നത് പണത്തെയല്ല, അഭിരുചിയെയാണ് ആശ്രയിച്ചിരിക്കുന്നത്' – ഈ പ്രസ്താവനയ്ക്ക് അനുകൂലമായോ പ്രതികൂലമായോ നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക ?

iv) ഒരു സുഹൃത്തിൽ നിങ്ങൾ ആഗ്രഹിക്കുന്ന ഗുണ വിശേഷങ്ങൾ.

v) നിങ്ങൾക്കു ലഭിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും രസകരമായിരുന്ന ഒരവധിക്കാലത്തെക്കുറിച്ച് വിവരിക്കുക

vi) താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഒന്നിനെ ആസ്പദമാക്കി ഒരു കഥയെഴുതുക.

a) ദിവാസ്വപ്നം

b) യാത്രയുടെ അവസാനം.

Question : 2.

താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ശ്രദ്ധാപൂർവ്വം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്യത്തിൽ ഉത്തരമെഴുതുക [5]

വിജ്ഞാനം വികസിപ്പിക്കുന്നതിനു വായനാശീലം വളർത്തിയേ മതിയാകൂ. വിവിധ വിഷയങ്ങളെപ്പറ്റി എണ്ണമറ്റ പുസ്തകങ്ങളാണ് കൊല്ലം തോറും പ്രസിദ്ധപ്പെടുത്തുന്നത്. സാധാരണക്കാർ വായിക്കുവാൻ ഇഷ്ടപ്പെടുന്നവ അവയിൽ ചുരുക്കമായിരിക്കും. അതുകൊണ്ട് അവനവനു താൽപര്യമുള്ള വിഷയങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ മികച്ച ഗ്രന്ഥങ്ങൾ ഏതെന്നറിയുവാൻ മറ്റുള്ളവരുടെ സഹായം തേടുന്നത് നന്ന്.

വായനയിൽ വൈവിധ്യം ആവശ്യമാണ്. അവനവന് ഏതെങ്കിലും ഒരു വിഷയത്തിൽ പ്രത്യേക താൽപര്യം ഉണ്ടായിരുന്നാൽകൂടി മറ്റു വിഷയങ്ങളെക്കുറിച്ചും സാമാന്യജ്ഞാനമെങ്കിലും സമ്പാദിക്കുവാൻ ശ്രമിക്കണം. പല തരത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്നത് വിജ്ഞാനം വികസിപ്പിക്കുന്നതിനും മനസ്സിന് ഉൻമേഷം ഉണ്ടാക്കുന്നതിനും ഉപകരിക്കും. ഓരോ കാലത്തു ജീവിച്ചിരുന്ന പണ്ഡിതൻമാരുടെയും ചിന്തകൻമാരുടെയും ശാസ്ത്രജ്ഞൻമാരുടെയും വിജ്ഞാന നിക്ഷേപങ്ങളാണ് ഗ്രന്ഥങ്ങൾ.

അഭിരുചിയും സംസ്കാരവും ഉത്കൃഷ്ടമാകണമെങ്കിൽ നല്ല പുസ്തകങ്ങൾ വായിക്കണം. ഏതു പരിതഃസ്ഥിതിയിലും തനിക്ക് ഉപകാരമായിത്തീരുന്നതും ജീവിതത്തിൽ സമാധാനവും സന്തോഷവും ഉണ്ടാക്കുന്നതുമായ പുസ്തകങ്ങൾ. വായനാശീലം തന്നിൽ വളർന്നു വരുവാൻ അനുഗ്രഹിക്കണേ എന്നായിരുന്നുവത്രേ

ദൈവത്തോട് ഒരു ചിന്തകന്റെ പ്രാർത്ഥന.

ബുദ്ധിപൂർവ്വമായ വായനാശീലമാർന്നിരിക്കുന്ന ഒരാൾക്ക് ജീവിതത്തിൽ പലമെച്ചങ്ങളും നേടുവാൻ കഴിയും. ഗ്രന്ഥങ്ങൾ വായന വികസിപ്പിക്കുന്നതിനു സഹായിക്കുന്നു. മനസ്സിന് പ്രസാദമുണ്ടാക്കുന്നതിനും ശക്തി വർദ്ധിപ്പിക്കുന്നതിനും വായനാശീലം പോലെ മറ്റൊന്നും ഉതകുന്നില്ല. നമ്മിൽ സവിശേഷമായ പരിവർത്തനമുണ്ടാക്കുന്നതിന് പുസ്തകങ്ങളുടെ കഴിവ് നിസ്സീമമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് വായനാശീലം വളർത്തുന്നത് നമ്മുടെ അഭ്യുദയത്തിന് അത്യാവശ്യമാണ്.

മഹാത്മാഗാന്ധി ഒരു വലിയ വായനക്കാരനായിരുന്നില്ല. തെരഞ്ഞെടുത്ത ചില പുസ്തകങ്ങൾ മാത്രമേ അദ്ദേഹം ശ്രദ്ധാപൂർവ്വം വായിച്ചിരുന്നുള്ളൂ. എന്നാൽ വായിച്ചതു സ്വന്തമാക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ആരോഗ്യകരവും ധാർമ്മികബോധം ഉദ്ദീപിപ്പിക്കുന്നതുമായ ആശയങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. അങ്ങനെയുള്ള പുസ്തകങ്ങൾ അത്യധികം താൽപര്യത്തോടെ വായിക്കുക മാത്രമല്ല അദ്ദേഹം ചെയ്തിരുന്നത് അവയിലെ ആശയങ്ങൾ സ്വജീവിതത്തിൽ പകർത്തുവാനും അദ്ദേഹം ശ്രമിച്ചു. നല്ല പുസ്തകം ഒരു ഗുരുവിനെപ്പോലെയാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഗീതയെന്റെ അമ്മയാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. സംശയങ്ങളുണ്ടാകുമ്പോഴും പ്രവൃത്തിമാർഗ്ഗം എന്തെന്നറിയാതെ കുഴങ്ങുമ്പോഴും അദ്ദേഹം ചെയ്തിരുന്നത് തനിക്കേറെ ഇഷ്ടമുള്ള പുസ്തകങ്ങളിൽ അടങ്ങിയ ഉപദേശങ്ങൾ അനുസരിക്കുവാൻ ശ്രമിക്കുകയായിരുന്നു.

ചോദ്യങ്ങൾ:-

i) വായനയിൽ വൈവിദ്ധ്യമാവശ്യമായിരിക്കുന്നതെന്തുകൊണ്ട്?

ii) വായന കൊണ്ടു ലഭിക്കുന്ന വിവിധ പ്രയോജനങ്ങൾ ഏവയെന്നു വെളിപ്പെടുത്തുക?

iii) ഈ കാര്യത്തിൽ മഹാത്മാഗാന്ധി കാട്ടിയ മാതൃക അനുകരണയോഗ്യമോ? എങ്കിൽ എന്തുകൊണ്ട്?

iv) നല്ല പുസ്തകം ഒരു ഗുരുവിനെപ്പോലെയാണെന്നു ഗാന്ധിജി വിശ്വസിച്ചതെന്തുകൊണ്ട്

v) ഈ ഗദ്യഭാഗത്തിന് ഉചിതമായ ഒരു ശീർഷകം (Title) നൽകി വിശദീകരിക്കുക

Question 3:

a) വാക്യശുദ്ധി വരുത്തുക [2]

i) പെട്ടെന്നുണ്ടായ ഒരാകസ്മിക സംഭവമായിരുന്നു രാമചന്ദ്രന്റെ ജീവിതത്തെയാകെ മാറിമറിച്ചത്.

ii) നഗരത്തിലുണ്ടായ അഗ്നിബാധയിൽ ആൾക്കാരുടെ ആളപായമുള്ളതായി റിപ്പോർട്ടില്ല.

b) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതെങ്കിലും മൂന്നെണ്ണം വാക്യത്തിൽ പ്രയോഗിക്കുക [3]

i) ചക്രശ്വാസം വലിക്കുക

ii) തൊഴുത്തിൽ കുത്ത്

iii) കണ്ണിൽ പൊടിയിടുക

iv) കരിതേച്ചു കാണിക്കുക.

## Section B.

മൂന്നു പുസ്തകത്തിൽ നിന്നുമായി നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

### 1. ഗദ്യകൈരളി

**Question 4:**

"ആശ്വസിപ്പിക്കാനെന്ന പോലെ അവൻ പറഞ്ഞു വരും. വരാതിരിക്കില്ല"

ചോദ്യങ്ങൾ :-

i) വൃദ്ധന്റെ മുഖം തെളിഞ്ഞതെപ്പോൾ? വടിയൂന്നി എഴുന്നേറ്റ വൃദ്ധൻ കണ്ടതെന്തെല്ലാം? [2½]

ii) മഴവെള്ളം വരുന്നതിനെക്കുറിച്ചു വൃദ്ധൻ പറഞ്ഞതെന്തെല്ലാം? [3]

iii) കുട്ടിയെ പോലെ വൃദ്ധനും മനസ്സിലാക്കിയതെന്ത്? [2½]

iv) വൃദ്ധന്റെ സ്വരത്തിലെവിടെയോ കാറ്റുവീഴുകയാണ്. കാരണമെന്ത്? [2]

**Question 5:**

'കടൽത്തീരത്ത്' എന്ന കഥ വിവരിച്ച് അതിനെ ഹൃദയസ്പർശിയാക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നു പരിശോധിക്കുക [10]

**Question 6:-**

നഖത്തിനിടയിൽ മൊട്ടുസൂചി കയറിയപ്പോഴും തുടവരഞ്ഞ് മുളകു പൊടി തേച്ചപ്പോഴും തോന്നാത്ത വേദന കള്ളനു തോന്നിയതെപ്പോൾ? - വിശദീകരിക്കുക [10]

**Question 7**

### 2. അസുരവിത്ത്

"അല്ല. ഞമ്മടെ ഇസ്ലാമിനെ തൊടുമ്പം ഞമ്മളും ഒരു കയ്യ് നോക്കണ്ടേ"

ചോദ്യങ്ങൾ:-

i) ദേഷ്യമല്ല അപ്പോൾ കുഞ്ഞരക്കാർക്കു തോന്നിയത്, ഒരു തമാശയായിരുന്നു. എപ്പോൾ? [2½]

ii) 'ഇരച്ചഭാഗ്യം' എന്ന് ശേഖരൻനായരെ വിളിച്ചിരുന്നതെന്തുകൊണ്ട് ? [2]

iii) "ആ തീരുമാനത്തിൽ ദുഃഖിതരായി വന്നില്ല കുഞ്ഞരയ്ക്കാർക്ക്" — തീരുമാനമെന്ത്? [3]

iv) " ആണും പെണ്ണുവല്ലാത്ത വക് - ഇങ്ങനെ കുഞ്ഞരയ്ക്കാർ പറയാനിടയായ സന്ദർഭം? [2]

Question 8

ഉറൂബിയുടെ നോവലുകളിൽ കാണുന്ന ഗ്രാമീണ യുടെ ചിത്രം അവതരണത്തിനെ ആസ്പദമാക്കി വിവരിക്കുക? [6]

Question 9 :

ഗോവിന്ദൻകുട്ടിയുടെ മതം മാറ്റവും അനന്തര സംഭവങ്ങളും വിവരിക്കുക ?

Question 10 — 3. ആ മനുഷ്യൻ നീ തന്നെ

" ഉന്നതമായ ഒരു ലക്ഷ്യമുണ്ടായിരിക്കുക സൈന്യത്തിനുത്സാഹം'

ചോദ്യങ്ങൾ :-

i) തങ്ങളുടേത് ധർമ്മയുദ്ധമല്ല എന്ന് ദാവീദ് സമർത്ഥിക്കുന്നതെങ്ങനെ? [2]

ii) തന്റെ പഴയകാലത്തെക്കുറിച്ച് ദാവീദ് ഓർക്കുന്നതെന്ത്? [2]

iii) 'കാര്യം സമമായി' എന്ന് യോവാബ് പറയുന്നതെന്തുകൊണ്ട് ? [2]

iv) മുപ്പതു ദിവസത്തിനകം രബ്ബ കീഴടക്കാൻ ദാവീദ് പദ്ധതിയിട്ടതെങ്ങനെ? [3½]

Question 11

യുദ്ധത്തെക്കുറിച്ച് ഊറിയാവും ബെത്ശേബയും തമ്മിൽ നടന്ന സംഭാഷണം വിവരിക്കുക [10]

Question 12.

കിരീടങ്ങൾക്കു ഭാരം കുറയും. അത് ബെത്ശേബയുടെ കയ്യിൽനിന്ന് വഴുതിപ്പോകയുമില്ല എന്ന് അവൻ പറയുന്നതെന്തുകൊണ്ട്? [10]